(സി) സംയുക്ത പരിശോധന കഴിഞ്ഞിട്ടില്ല. സംയുക്ത പരിശോധനയ്ക്കു നിശ്ചയിച്ചിട്ടുള്ള ദിവസം ഹാജരാക്കാത്ത ബോട്ടുകൾക്കുവേണ്ടി വീണ്ടുമൊരു പരിശോധന നടത്തുന്നകാര്യം പ്രായോഗികമല്ല.

108 (108) മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതിനകം മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഓരോ മത്സ്യത്തൊഴിലാളിക്കും എത്ര ലിറ്റർ മണ്ണെണ്ണ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ.

(സി) മത്സ്യബന്ധനത്തിന് എത്ര ലിറ്റർ മണ്ണെണ്ണ വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം എത്രപേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത 12398 മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം	-	1782
കൊല്ലം	-	728
ആലപ്പുഴ	-	2346
കോട്ടയം	-	52
എറണാകുളം	-	385
തൃശ്ശൂർ	-	983
മലപ്പുറം	-	2115
കോഴിക്കോട്	-	2094
കണ്ണൂർ	-	903
കാസർഗോഡ്	-	1010
ആകെ	-	12398

(ബി)&(സി) മത്സ്യബന്ധനാവശ്യത്തിന് മണ്ണെണ്ണ പെർമിറ്റുകൾ നൽകുന്നത് മോട്ടോർ എഞ്ചിനുകളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന നിരക്കിലാണ് പെർമിറ്റ് അനുവദിക്കുന്നത്.

10 കുതിരശക്തിവരെയുള്ളതിന് - പ്രതിമാസം 350 ലിറ്റർ

11 മുതൽ 15 വരെ കുതിരശക്തിയുള്ളതിന് - 375 ലിറ്റർ

16-ന് മുകളിൽ 40 കുതിരശക്തി വരെ - 500 ലിറ്റർ

മേൽപ്പടി അളവിൽ ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന മത്സ്യബന്ധനാവശ്യങ്ങൾക്കുള്ള മണ്ണെണ്ണയുടെ അളവ് താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം	-	634 കിലോ ലിറ്റർ
കൊല്ലം	-	275 കിലോ ലിറ്റർ
ആലപ്പുഴ	-	1002 കിലോ ലിറ്റർ
എറണാകുളം	-	153 കിലോ ലിറ്റർ
തൃശ്ശൂർ	-	406 കിലോ ലിറ്റർ
മലപ്പുറം	-	824 കിലോ ലിറ്റർ
കോഴിക്കോട്	-	787 കിലോ ലിറ്റർ
കണ്ണൂർ	-	347 കിലോ ലിറ്റർ
കാസർഗോഡ്	-	370 കിലോ ലിറ്റർ
ആകെ	-	**4798**

(ഡി) 12398 പേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്.

109 (109) മാവേലി സ്റ്റോറുകൾ അനുവദിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് നിയോജകമണ്ഡലത്തിൽ പാപ്പിനിശ്ശേരി, ചെറുകുന്ന്, മാട്ടൂർ, വളപട്ടണം ഗ്രാമപഞ്ചായത്തുകളിൽ മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)മാവേലിസ്റ്റോറുകൾ നിലവിലില്ലാത്ത 126 പഞ്ചായത്തുകളിൽ 126 നിയോജകമണ്ഡലങ്ങളിലായി ഓരോ മാവേലിസ്റ്റോർ അനുവദിക്കുവാൻ നടപടി പൂർത്തിയായി വരുന്നു. ഇതനുസരിച്ച് അഴിക്കോട് നിയോജകമണ്ഡലത്തിലെ നാറാത്ത് പഞ്ചായത്തിൽ കാപ്പിൽ എന്ന സ്ഥലത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

110 (110) മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലിസ്റ്റോറുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഇപ്പോഴുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly